8. അത്യാഹിത വിഭാഗത്തിൽ
കോൺക്രീറ്റിംഗ് - 10385/- രൂപ

(ബി) 1996-97 - 20,00,000/- രൂപ
1997-98 - 10,00,000/- രൂപ
1998-99 - 22,00,000/- രൂപ

(സി)&(ഡി) ഈ പണി നടപ്പാക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. നഗരസഭ ഇതിനുവേണ്ടി തുകയൊന്നും ചെലവാക്കിയിട്ടില്ല.

111 (2267) മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾ

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലാ പഞ്ചായത്ത് എത്ര പദ്ധതികൾ സാങ്കേതികാനുമതിക്കായി സമർപ്പിച്ചു; ഏതെല്ലാം എന്നറിയിക്കുമോ;

(ബി) സാങ്കേതികാനുമതി ലഭിക്കാത്തതിനെത്തുടർന്ന് ഈ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിൽ എത്ര രൂപയുടെ പദ്ധതികളാണ് ഓരോ വർഷവും നഷ്ടപ്പെട്ടത് എന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

112 (2268) പഞ്ചായത്ത് വകുപ്പിൽ സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നതിന് നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) ശമ്പള കമ്മിഷൻ റിപ്പോർട്ട് പ്രകാരം ഇതിന് അർഹതയുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്)ഗ്രാമപഞ്ചായത്തുകളുടെ ജോലിഭാരം കണക്കിലെടുത്ത് സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി പഞ്ചായത്തുകളിൽ വന്നിട്ടുള്ള അധിക ജോലി പരിഗണിച്ച് സംസ്ഥാനത്തെ 987 ഗ്രാമ പഞ്ചായത്തുകളിൽ ഓരോ എൽ.ഡി. ക്ലാർക്ക് തസ്തിക വീതം അനുവദിക്കുകയുണ്ടായി. തദനുസൃതമായി 265 ജൂനിയർ സൂപ്രണ്ടുമാരുടെയും 118 ഹെഡ് ക്ലാർക്കുമാരുടേയും സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

(സി) ശമ്പള കമ്മിഷൻ റിപ്പോർട്ട് പ്രകാരം 3 മുതൽ 5 വരെ ക്ലാർക്കുമാർക്ക് ഒരു ഹെഡ് ക്ലാർക്കും 6 മുതൽ 8 വരെ ക്ലാർക്കുമാർക്ക് ഒരു ജൂനിയർ സൂപ്രണ്ടും എന്ന അനുപാതത്തിൽ സൂപ്പർവൈസറി തസ്തികകൾ വേണ്ടതാണ്.

(ഡി) ഉണ്ട്.

(ഇ) കേരള പഞ്ചായത്ത് എംപ്ലോയീസ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ഫയൽ ചെയ്ത 26407/99 നമ്പർ ഒ.പി.യിന്മേലും പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് യൂണിൻ പ്രസിഡന്റും കേരള പഞ്ചായത്ത് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ പ്രസിഡന്റും ചേർന്നു ഫയൽ ചെയ്ത 15166/99 നമ്പർ ഒ.പി.യിന്മേലും സൂപ്പർവൈസറി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശത്തിന്മേൽ മൂന്നു മാസത്തിനകം തീർപ്പു കൽപ്പിക്കണമെന്ന് ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. കോടതി വിധിയുടെ പകർപ്പ് സമർപ്പിക്കുന്നു.*

(എഫ്) അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ഫലമായി ഗ്രാമ പഞ്ചായത്തുകളിൽ ഉണ്ടായിട്ടുള്ള അധിക ജോലി പരിഗണിച്ച് അംഗീകൃത സ്റ്റാഫ് പാറ്റേൺ കണക്കിലെടുക്കാതെയാണ് സാമ്പത്തിക ഭദ്രതയുള്ള പഞ്ചായത്തുകളിൽ ഓരോ എൽ.ഡി. ക്ലാർക്ക് തസ്തിക കൂടി സൃഷ്ടിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ വീണ്ടും സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നകാര്യം പരിശോധിക്കുമ്പോൾ ഓരോ പഞ്ചായത്തുകളുടേയും ആസ്തി കൂടി കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. കൂടാതെ അധികാര വികേന്ദ്രീകരണത്തെ തുടർന്നുള്ള ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ റിപ്പോർട്ടും സർക്കാരിന്റെ പരിശോധനയിലാണ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

113 (2269) നീന്തൽ പരിശീലന കേന്ദ്രം

<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കൊടുമൺ പഞ്ചായത്തിൽ അങ്ങാടിക്കൽ വടക്ക് ഗണപതി ക്ഷേത്രക്കുളം നീന്തൽ പരിശീലന കേന്ദ്രമായി ഉപയോഗിക്കാനായി പഞ്ചായത്തിന് വിട്ട് കിട്ടിയിട്ടുണ്ടോ;

(ബി) ഈ ക്ഷേത്രക്കുളം ദേവസ്വം അധികാരപരിധിയിലുള്ളതാണോ;

(സി) നീന്തൽ പരിശീലനകേന്ദ്രമായി ഈ കുളം വികസിപ്പിക്കുന്നതിന് ഇപ്പോഴത്തെ ഭരണ സമിതി എന്തു തുക വീതം ഓരോ വർഷവും ചെലവഴിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly